# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5015 — 01.07.2013-ൽ മറുപടിയ്ക്ക്

### ദേശീയ പാതയിലെ വാഹന പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

(എ) 2013 ജനുവരി 1 മുതൽ ജൂൺ 15 വരെ കോഴിക്കോട് മുതൽ വടകര വരെയുള്ള ദേശീയ പാതയിൽ ഓരോ സ്റ്റേഷൻ പരിധിയിലും പോലീസ് എത്ര വാഹന പരിശോധന നടത്തി എന്ന് വ്യക്തമാക്കുമോ;

(എ) വാഹന പരിശോധന നടത്തിയ കണക്കുകളൊന്നും പ്രത്യേകം സൂക്ഷിക്കാറില്ല.

(ബി) ഈ പരിശോധനയിലൂടെ എത്ര കേസുകൾ എടുത്തിട്ടുണ്ട് എന്ന് സ്റ്റേഷൻ തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ;

(ബി) വാഹന പരിശോധനയ്ക്കിടയിൽ മേൽ പറയുന്ന ഭാഗത്ത് പിടിക്കപ്പെട്ട കേസുകളുടെ സ്റ്റേഷൻ തിരിച്ചും ഇനം തിരിച്ചും ഉള്ള വിവരം ചുവടെ ചേർക്കുന്നു.

| പോലീസ് സ്റ്റേഷൻ | എത്ര കേസുകൾ എടുത്തിട്ടുണ്ട്. |
|---|---|
| എലത്തൂർ | 23 |
| നടക്കാവ് | 215 |
| സിറ്റി ട്രാഫിക് | 138 |
| വടകര | 2876 |
| കൊയിലാണ്ടി | 8271 |
| പയ്യോളി | 26152 |

| പോലീസ് സ്റ്റേഷൻ | ഇനം തിരിച്ച് (വകുപ്പുകൾ) |
|---|---|
| എലത്തൂർ | 185 of MV Act 279 IPC |
| നടക്കാവ് | |
| സിറ്റി ട്രാഫിക് | |

| ഇനം തിരിച്ച് (വകുപ്പുകൾ) | വടകര പോലീസ് സ്റ്റേഷൻ | കൊയിലാണ്ടി പോലീസ് സ്റ്റേഷൻ | പയ്യോളി പോലീസ് സ്റ്റേഷൻ |
|---|---|---|---|
| 185 of MV Act | 44 | 127 | 7 |
| 184 of MV Act | 54 | 111 | 158 |
| Over Speed | 258 | 270 | 5025 |
| Without Helmet | 1748 | 4800 | 4681 |
| Without Seat Belt | 98 | 363 | 968 |
| Others | 674 | 2600 | 15313 |

**(സി)** ഈ കാലയളവിൽ ഈ റൂട്ടിൽ എത്ര അപകടങ്ങളുണ്ടായി എന്നും അപകടങ്ങളുണ്ടാക്കിയ വാഹനങ്ങൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

**(സി)** ഈ റൂട്ടിൽ ആകെ 264 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. അപകടങ്ങൾ ഉണ്ടാക്കിയ വാഹനങ്ങൾ - ബസ്, ലോറി, ടിപ്പർ, ടാങ്കർ ലോറി, കാറുകൾ, വാൻ, ഓട്ടോറിക്ഷകൾ, ജീപ്പ്, മോട്ടോർ സൈക്കിൾ തുടങ്ങിയവ.

**(ഡി)** ഈ അപകടങ്ങളിൽ എത്രപേർ മരണപ്പെട്ടു എന്നും എത്ര പേർക്ക് പരിക്കുപറ്റി എന്നും വിശദാംശം ലഭ്യമാക്കുമോ ;

**(ഡി)** 44 പേർ മരണപ്പെട്ടിട്ടുണ്ട്. 294 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

**(ഇ)** ഈ റൂട്ടിലെ സ്വകാര്യ ബസ്സുകളുടെ മൽസര ഓട്ടത്തെപ്പറ്റി പരാതികളുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

**(ഇ)** പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവണതകൾക്കെതിരെ ഡ്രൈവർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും അമിത വേഗതയിൽ വാഹനം ഓടിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**